(ബി) നിരക്കു വർദ്ധന പ്രാബല്യത്തിലാക്കിയിട്ടുണ്ടോ; എങ്കിൽ എന്നു മുതലാണെന്ന് വ്യക്തമാക്കുമോ;

(സി) നിരക്കു വർദ്ധനയ്ക്ക് ആധാരമാക്കിയ മാനദണ്ഡം വിശദമാക്കുമോ;

(ഡി) നിരക്കു വർദ്ധനയ്ക്കെതിരെ ലഭിച്ച പരാതികൾ പരിശോധിക്കാൻ ഏർപ്പെടുത്തിയ സംവിധാനത്തെക്കുറിച്ച് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) വർദ്ധിപ്പിച്ച കെട്ടിട നികുതി 22-7-2009-ലെ സ.ഉ. (എം.എസ്.) 140/09/തസ്വഭവ നമ്പർ പ്രകാരം മരവിപ്പിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) നിലവിലുള്ള വാർഷിക വാടകയുടെ അടിസ്ഥാനത്തിലുള്ള വസ്തു നികുതി നിർണ്ണയ രീതി ഒഴിവാക്കി തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിലും കെട്ടിടം സ്ഥിതി ചെയ്യുന്ന സ്ഥലം, അതിന്റെ ഉപയോഗ രീതി, നിർമ്മാണത്തിന്റെ തരം, മറ്റു നിർണ്ണയിക്കപ്പെട്ട ഘടകങ്ങൾ എന്നിവ കണക്കിലെടുത്തുമാണ് വസ്തു നികുതി പരിഷ്കരിക്കുന്നത്. ഒരു ചതുരശ്ര മീറ്ററിന് ഒരു നിശ്ചിത നിരക്കിൽ അടിസ്ഥാന നിരക്ക് നിശ്ചയിച്ചും കെട്ടിടം സ്ഥിതി ചെയ്യുന്ന സോൺ, കെട്ടിടത്തിലേക്കുള്ള റോഡ് സൗകര്യം, കെട്ടിടത്തിന്റെ വിസ്തീർണ്ണം, കെട്ടിടത്തിന്റെ മേൽക്കൂരയുടേയും തറയുടെയും ചുവരുകളുടേയും നിർമ്മാണത്തിനുപയോഗിച്ചിരിക്കുന്ന വസ്തുക്കളുടെ തരം, കെട്ടിടത്തിന്റെ കാലപ്പഴക്കം, കെട്ടിടത്തിന്റെ ഉപയോഗം എന്നിവ കണക്കിലെടുത്ത് ചില വർദ്ധനവുകളും ഇളവുകളും നൽകി കൃത്യമായി കണക്കു കൂട്ടി നികുതി നിശ്ചയിക്കാൻ വീട്ടുടമസ്ഥന് തന്നെ കഴിയുന്ന തരത്തിലുള്ളതാണ് നികുതി നിർണ്ണയ ഘടന.

(ഡി) ബാധകമല്ല.

കെട്ടിട നിർമ്മാണ അനുമതി നൽകുന്നതിലെ ക്രമക്കേട്

150(442) ശ്രീ. കെ. ബി. ഗണേഷ് കുമാർ :
ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ കെട്ടിട നിർമ്മാണ ചട്ടം നിലവിൽ വന്നതിനുശേഷം കെട്ടിട നിർമ്മാണ അനുമതി നൽകുന്നതിലെ കാലതാമസവും ഗുരുതരമായ അഴിമതിയും അവസാനിപ്പിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഏറ്റവും ചുരുങ്ങിയ സമയത്തിനുള്ളിൽ കെട്ടിട നിർമ്മാണ അനുമതി നൽകുന്നതിന് എന്തൊക്കെ പുതിയ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഇപ്രകാരം ലഭിച്ചിട്ടുള്ള അപേക്ഷകളിൽ തീർപ്പാക്കിയിട്ടുള്ളതും ഒരാഴ്ച, രണ്ടാഴ്ച, ഒരുമാസം, ഒരു മാസത്തിലധികം എന്നിങ്ങനെ കെട്ടിക്കിടക്കുന്നതുമായ എത്ര അപേക്ഷകളുണ്ടെന്ന് ജില്ല തിരിച്ച് കണക്ക് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 13, 14 എന്നിവയിൽ കെട്ടിട നിർമ്മാണാനുമതി നൽകുന്നതിനുള്ള സമയപരിധി നിശ്ചയിച്ചിട്ടുണ്ട്. നഗരസഭകളിൽ പലപ്പോഴും ഈ സമയപരിധി പാലിക്കാത്തതുമൂലം പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് കാലതാമസം ഒഴിവാക്കി, നിശ്ചിത സമയപരിധിക്കുള്ളിൽ കുറ്റമറ്റ രീതിയിൽ നിർമ്മാണാനുമതി നൽകുന്നതിലേക്കായി 27-6-2010-ൽ 36587/ആർ.എ.1/2009/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ലഭിക്കുന്ന കെട്ടിട നിർമ്മാണ അപേക്ഷകളിന്മേൽ ഓരോ ഉദ്യോഗസ്ഥനും അപേക്ഷ പരിശോധിച്ച് തീരുമാനം എടുക്കുന്നതിനുള്ള സമയപരിധി നിശ്ചയിച്ചു കൊണ്ട് 15-09-2010-ൽ 71395/ആർ.എ.2/2009/തസ്വഭവ നമ്പരായി ഒരു സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. കെട്ടിടനിർമ്മാണാനുമതി നൽകുന്നതിലെ കാലതാമസം, അഴിമതി എന്നിവ ഒഴിവാക്കുന്നതിനായി തിരുവനന്തപുരം നഗരസഭയിൽ ഇതിനോടകം തന്നെ ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. 150 ച.മീറ്റർ വരെ പ്ലിന്ത് ഏരിയയുള്ള റസിഡൻഷ്യൽ കെട്ടിടങ്ങൾക്ക് അപേക്ഷ സ്ക്രൂട്ടിനി ചെയ്യുന്ന ദിവസം തന്നെ നിയമാനുസൃതമെന്ന് കണ്ടാൽ പെർമിറ്റ് നൽകുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇടനിലക്കാർമൂലമുള്ള അഴിമതി നിർമ്മാർജ്ജനം ചെയ്യുന്നതിന് കെട്ടിട നിർമ്മാണാനുമതി, ഒക്കുപെൻസി സർട്ടിഫിക്കറ്റ് എന്നിവ തപാൽ മുഖേന അപേക്ഷകർക്ക് അയച്ചുകൊടുക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഓഫീസ് കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് നടപടി

151(443) ശ്രീ. പള്ളിപ്രം ബാലൻ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പുതിയതായി അനുവദിച്ച ബ്ലോക്ക് പഞ്ചായത്തുകൾക്ക് സ്വന്തമായി ഓഫീസ് കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും ഫർണിച്ചറുകൾ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഉത്തരം

പുതിയതായി രൂപീകരിച്ച ബ്ലോക്ക് പഞ്ചായത്തുകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ വസ്തു ലഭ്യത കണ്ടെത്തി, ആയത് അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് അടുത്ത സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതിയിൽ തുക വകയിരുത്തുന്ന കാര്യം പരിഗണനയിലുണ്ട്. പുതുതായി രൂപീകരിച്ച ആറ് ബ്ലോക്ക് പഞ്ചായത്തുകൾക്കുള്ള ഫർണിച്ചർ, നിലവിലില്ലാതായ ആറ് ബ്ലോക്ക് പഞ്ചായത്ത് ഓഫീസുകളിൽനിന്ന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly